LIBRARY ARCHIVES Kerala Legislative Assembly

ഏകീകൃത പരസ്യനികുതി നയം

103 (3387) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ സാഹചര്യം ഒരുക്കുന്ന പരസ്യ നികുതിയുടെ കാര്യത്തിൽ ചട്ടങ്ങളും മാതൃകാ ബൈലോകളും തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) മുനിസിപ്പാലിറ്റി ആക്ട്, പഞ്ചായത്ത് രാജ് ആക്ടുകളിൽ ഉള്ളതുപോലെ മാതൃകാ ബൈലോ തയ്യാറാക്കുകയും പരസ്യനികുതി ഏകീകരിക്കുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുമോ ;

(സി) പ്രസ്തുത വിഷയം ലോക്കൽ ഗവൺമെന്റ് കമ്മീഷന് റഫർ ചെയ്ത് മുനിസിപ്പാലിറ്റികൾക്ക് ഗുണകരമായ ഒരു ഏകീകൃത പരസ്യനികുതി നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത വിഷയം ലോക്കൽ ഗവൺമെന്റ് കമ്മീഷന് റഫർ ചെയ്തിരുന്നുവെങ്കിലും, ബന്ധപ്പെട്ട ഡയറക്ടർമാരിൽനിന്ന് ആക്ട് ഭേദഗതി, ചട്ടം ഭേദഗതി, മാതൃകാ ബൈലോ എന്നിവ സംബന്ധിച്ച് കരട് ലഭ്യമാക്കിയശേഷം കമ്മീഷന് കരടുകൾ വെറ്റ് ചെയ്യാൻ അയച്ചുകൊടുക്കാനാണ് കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നത്.

റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി നിയമനിർമ്മാണം

104 (3388) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?